**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5865** **08-11-2021 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിൽ യു.ജി. ലൈനുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജക മണ്ഡലത്തിൽ യു.ജി. ലൈനുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പിറവം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2018 വരെ KSEBL ന്റെ തനതു ഫണ്ടുപയോഗിച്ച് നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ KSEBL നടത്തുന്ന "ദ്യുതി" പദ്ധതി, IPDS പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി 2016-17 മുതൽ 2020-21 വരെ 6.091 കി.മീ 11 കെ വി ഭൂഗർഭ കേബിൾ നിർമ്മിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 ൽ 11.55 കി.മീ 11 കെ വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പിറവം നിയോജക മണ്ഡലത്തിൽ 11 കെ വി ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തി, കവേർഡ് കണ്ടക്ടർ ഉപയോഗിച്ചുള്ള 11 കെ വി ലൈൻ നിർമ്മാണം, എബിസി കണ്ടക്ടർ ഉപയോഗിച്ചുള്ള 11 കെ വി ലൈൻ നിർമ്മാണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തി DPR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പിറവം മണ്ഡലത്തിൽപ്പെട്ട കൂത്താട്ടുകുളം സെക്ഷനിലേയ്ക്ക് കൂത്താട്ടുകുളം 110 കെ.വി സബ്സ്റ്റേഷനിൽ നിന്ന് ഒരു പുതിയ 11 കെ.വി ഫീഡർ ഔട്ട്ലെറ്റ് നൽകുന്നതിനുള്ള പ്രവൃത്തി (22 ലക്ഷം രൂപ അടങ്കൽ തുക) റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | യു.ജി. ലൈൻ സ്ഥാപിക്കുന്നതിനായി വൈദ്യുതി വകുപ്പ് ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | യു.ജി കേബിൾ സ്ഥാപിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 344.39 ലക്ഷം രൂപ വകയിരുത്തുകയും അതിൽ 224.23 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ